# MyCARE

ഓരോ ചുവടും എന്നോടൊപ്പം



## “ടൈപ്പ് 2 ഡയബറ്റീസ്


## ഉള്ള ആളുകളിലെ ഇൻസുലിനെ പറ്റി നമുക്ക് കൂടുതൽ മനസ്സിലാക്കാം”

USV


നമ്മൾ ഭക്ഷണം കഴിക്കുമ്പോൾ, അതിലുള്ള കാർബോഹൈഡ്രേറ്റ് (ധാന്യകം) ഗ്ലൂക്കോസ് ആയി മാറും പിന്നീട് അത് **രക്തപ്രവാഹത്തിലേയ്ക്ക് തുറന്നു വിടും.**




നമ്മുടെ  രക്തത്തിലെ
പഞ്ചസാരയുടെ അളവ് ഉയരുമ്പോൾ,
**പാൻക്രിയാസ്  ഗ്രന്ഥികൾ ഇൻസുലിൻ എന്ന് പറയുന്ന ഒരു ഹോർമോൺ പുറത്തു വിടും.**




**രക്തപ്രവാഹത്തിൽ** നിന്നും പഞ്ചസാരയെ (ഗ്ലൂക്കോസ്) **ശരീരത്തിന്റെ കോശങ്ങളിലേക്ക് മാറ്റുവാൻ** ഇൻസുലിൻ സഹായിക്കുന്നു. അവിടെ ഗ്ലൂക്കോസിനെ ഊർജത്തിനായി ഉപയോഗിക്കുന്നു.




**ടൈപ്പ് 2 ഡയബറ്റീസിൽ (പ്രമേഹം),** ഒന്നുകിൽ ശരീരം ഉൽപാദിപ്പിക്കുന്ന ഇൻസുലിൻ അതിന് ശരിയായി പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല അല്ലെങ്കിൽ ശരീരം ആവശ്യത്തിന് ഇൻസുലിൻ ഉൽപാദിപ്പിക്കുന്നില്ല. തൽഫലമായി **രക്തപ്രവാഹത്തിൽ വളരെ അധികം പഞ്ചസാര ബാക്കിയാകുന്നു.**




ഇത് ക്രമേണ താഴെ പറയുന്നവ പോലെയുള്ള വലിയ ആരോഗ്യ പ്രശ്നങ്ങളിലേക്ക്  നയിച്ചേക്കാം.
**വൃക്ക രോഗം, കാഴ്ച്ച നഷ്ടം, ഹൃദ്രോഗം.**




അതുകൊണ്ടാണ് വായിലൂടെ
കഴിക്കുന്ന പ്രമേഹ മരുന്നുകൾ വഴി
ടൈപ്പ് 2 ഡയബറ്റീസ്  നിയന്ത്രിക്കാൻ
സാധിക്കാത്ത ആളുകൾക്ക് രക്തത്തിലെ
പഞ്ചസാര സാധാരണ അളവിൽ
സൂക്ഷിക്കുന്നതിന് **ദിവസേന
പുറമെ നിന്ന് ഇൻസുലിൻ
നൽകേണ്ടി വരുന്നത്.**



**പുറമെ നിന്ന് ഇൻസുലിൻ നൽകുന്ന** ചികിത്സയിൽ ശരീരം സാധാരണ ഗതിയിൽ ഉൽപാദിപ്പിക്കുന്ന, സ്വാഭാവിക ഇൻസുലിന് **പകരം വേറെ ഇൻസുലിൻ നൽകുകയാണ്** ചെയ്യുന്നത്.




രോഗനിർണയത്തിന് ശേഷം ഇൻസുലിൻ നൽകിത്തുടങ്ങുന്നത്, **ഇൻസുലിൻ ഉൽപാദിപ്പിക്കുന്ന കോശങ്ങൾക്ക് വിശ്രമം നൽകി, അവയെ സംരക്ഷിക്കുവാനും** പ്രമേഹവുമായി ബന്ധപ്പെട്ട സങ്കീർണതകൾ തടയുവാനും സഹായിക്കുന്നു.



## വിവിധ തരത്തിലുള്ള ഇൻസുലിൻ ഇപ്പോൾ ലഭ്യമാണ്.

നിങ്ങൾക്ക് ആവശ്യമുള്ള തരം ഇൻസുലിനും അത് സ്വീകരിക്കേണ്ട ആവൃത്തികളും നിങ്ങളുടെ ജീവിതശൈലിയും രക്തത്തിലെ പഞ്ചസാരയുടെ അളവും കഴിക്കുന്ന മറ്റു ഔഷധങ്ങളും കണക്കിലെടുത്ത് നിങ്ങളുടെ ഡോക്ടർ തീരുമാനിക്കും.




ഈ ചിത്രം പ്രാതിനിധ്യ ആവശ്യങ്ങൾക്ക് വേണ്ടി മാത്രമാണ്.



ഓർമ്മിക്കുക, **ഇൻസുലിൻ സുരക്ഷിതമായ, വിശ്വസിക്കാവുന്ന ഒരു സുഹൃത്ത് ആണ്.** സന്തുഷ്ടവും, സുദീർഘവും, ആരോഗ്യകരവുമായ ഒരു ജീവിതം നയിക്കുവാൻ അത് നിങ്ങളെ സഹായിക്കും.

# MyCARE

ഓരോ ചുവടും എന്നോടൊപ്പം

## റഫറൻസ്

1. എന്താണ് പ്രമേഹം. CDC (2021). https://www.cdc.gov/diabetes/basics/diabetes.html#:~:text=Diabetes%20is%20a%20chronic%20(long,your%20pancreas%20to%20release%20Insulin - ൽ നിന്നും 2022 ജൂലൈ 6-ന് ശേഖരിച്ചത്.

2. ഇൻസുലിൻ എന്ന് നമ്മൾ വിളിക്കുന്ന അത്ഭുതകരമായ ഒരു വസ്തുവിന്റെ ചരിത്രം | ADA. Diabetes.org. (2019). https://www.diabetes.org/blog/history-wonderful-thing-we-call-insulin#:~:text=In%201921%2C%20a%20young%20surgeon,millions%20of%20people%20with%20diabetes - ൽ നിന്നും 2022 ജൂലൈ 6-ന് ശേഖരിച്ചത്.

**Disclaimer:**
"The guide/presentation/content/literature is for general information, guidance and educational purposes only and is not complete or exhaustive. The guide/presentation/content/literature is not intended or implied to replace or substitute any current practice and or advice/guidance/diet provided by healthcare professionals. This guide/presentation/content/literature does not constitute any treatment/therapy/medication/diet/opinions for any patients who are on diabetes medication, the patients are required to prior consult their healthcare professional before acting on any change on treatment/therapy/ medication/diet and or opions. USV Private Limited makes no representations as to accuracy, completeness, correctness, suitability or validity of any information contained in this guide/presentation/content/literature and will not be liable for any losses, injuries or damages arising from its use."

പൊതുജന താൽപര്യാർത്ഥം പ്രസിദ്ധീകരിക്കുന്നത്

USV